ശ്രീ. ടി. കെ. രാമകൃഷ്ണൻ: എന്റെ ചോദ്യം മുൻ ഗവൺമെന്റിന്റെ തത്വം ഈ ഗവൺമെന്റു സ്വീകരിക്കുന്നുണ്ടോ എന്നാണ്?

മി. സ്പീക്കർ: ഇല്ലെന്നു പറഞ്ഞല്ലോ.

ശ്രീ. എൻ. കെ. ശേഷൻ: അതു തത്വമല്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഹയ്യർപർച്ചേയ്സ് എർപ്പെടുത്തുമ്പോൾ നമ്മുടെ ഇൻഡസ്ട്രീസ് സ്ഥാപനങ്ങളിൽ ഉണ്ടാക്കുന്ന സാധനങ്ങൾക്ക് കൂടി മാർക്കറ്റു കിട്ടുന്നതിന് ആ സാധനങ്ങൾകൂടി ഹയ്യർപർച്ചേയ്സിൽ എടുത്തു വിൽക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കുമോ? അല്ലെങ്കിൽ മറ്റു ചില സംസ്ഥാനങ്ങളിൽ ഉണ്ടാക്കുന്നതു വിൽക്കുന്ന സംസ്ഥാനമായിട്ട് നമ്മുടെ സംസ്ഥാനം സാമ്പത്തികമായി അധഃപതിച്ചുപോകാൻ ഇടയുണ്ട്.

ശ്രീ. എൻ. കെ. ശേഷൻ: ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിച്ച കാര്യം വളരെ പ്രധാനപ്പെട്ടതാണ്. അക്കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. എം. രാമുണ്ണി: ചിട്ടി കോർപ്പറേഷനിലെ നിയമനങ്ങളും ഫൈനാൻഷ്യൽ എന്റർപ്രൈസിന്റെ കീഴിലുള്ള താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുവാൻ ദയവുണ്ടാകുമോ; സ്ഥിരമായിട്ടുള്ള നിയമനങ്ങൾ പി. എസ്. സി. ക്ക് വിടാൻ ദയവുണ്ടാകുമോ?

ശ്രീ. എൻ. കെ. ശേഷൻ: താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നടത്തിവരുന്നത്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: സർ, മറ്റെല്ലാ കോർപ്പറേഷനുകളുടെയും ആസ്ഥാനം നമ്മുടെ തലസ്ഥാനനഗരിയായ തിരുവനന്തപുരത്തായിരിക്കെ കേരള ഫൈനാൻഷ്യൽ എന്റർപ്രൈസ് കോർപ്പറേഷന്റെ പ്രവർത്തനകേന്ദ്രം തൃശ്ശൂരിൽ ആക്കിയിരിക്കുന്നതു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ധനകാര്യമന്ത്രിയുടെയും നാടായതുകൊണ്ടാണെന്ന് ഒരു ആക്ഷേപമുണ്ട്. അതു ശരിയാണോ?

ശ്രീ. എൻ. കെ. ശേഷൻ: അതു ശരിയല്ല. ഒന്നാമത് ഈ ഗവൺമെന്റിന്റെ ആധിപത്യത്തിലുള്ള കോർപ്പറേഷനുകളെല്ലാം തിരുവനന്തപുരത്തല്ല. കോട്ടയത്ത് ഒന്നുണ്ട് കൊല്ലത്ത്, ആലപ്പുഴയിൽ കണ്ണൂരിൽ എറണാകുളം എന്നിവിടങ്ങളിൽ ഓരോന്നുണ്ട്. ഏറ്റവും അധികം എണ്ണം തിരുവനന്തപുരത്ത് ആണെന്നേയുള്ളു. പുതിയ കോർപ്പറേഷൻ വന്നപ്പോൾ ചിട്ടിയുടെയും കുറിയുടെയും ആസ്ഥാനമായ തൃശ്ശൂരിൽ സ്ഥാപിച്ചുവെന്നേയുള്ളു.

ശ്രീ. കെ. കെ. അബു: സാജനപക്ഷപാതത്തിനും സ്വന്തം പാർട്ടിക്കാരെ കുത്തിച്ചെലുത്തുന്നതിനും ശ്രമിച്ചു എന്നതിനു തെളിവല്ലേ ചെയർമാനായി ഒരു ഐ. എസ്. പി. കാരനെ തെരഞ്ഞെടുത്തത്.

ശ്രീ. എൻ. കെ. ശേഷൻ: ഒരു ഐ. എസ്. പി. ക്കാരനെയല്ല തെരഞ്ഞെടുത്തത്. ഗവൺമെന്റ് തെരഞ്ഞെടുത്തത് ഒരു അഡ്വക്കേറ്റിനെ ആണ്.

ഹെൽത്ത് സർവ്വീസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ

*47. [189] ശ്രീ. കമാലിയാസ് മൊറായിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഹെൽത്ത് സർവ്വീസ് ഡിപ്പാർട്ടുമെന്റിൽ ഉയർന്ന തസ്തികകളിൽ ഇരിക്കുന്ന ഉദ്യോഗസ്ഥൻമാർ വയസ്സ് തിരുത്തിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാം?

ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്):

(എ) ഇല്ല.

(ബി) 'എ'യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കമാലിയാസ് മൊറായിസ്: ഹെൽത്ത് സർവ്വീസസ് ഡയറക്ടറുടെ സർവ്വീസ് ബുക്ക് വരുത്തി ജനനത്തീയതി ഒന്നു നോക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. ജോർജ്ജ്: ഹെൽത്ത് സർവ്വീസസ് ഡയറക്ടരായി ആക്ട് ചെയ്യുന്ന ഡാക്ടർ സുന്ദരേശന്റെ സർവ്വീസുബുക്കിൽ വയസ്സു തിരുത്തിയതായി യാതൊരു പരാതിയും ഇല്ല.

ശ്രീ. എം. എം. തോമസ്: ഹെൽത്ത് ഡയറക്ടർ സർവ്വീസിൽ ജോയിൻചെയ്ത തീയതി കൃത്രിമമായി കാണിച്ചിട്ടുണ്ടെന്നു പരാതിയുണ്ടായതിനെത്തുടർന്നു കഴിഞ്ഞ സർക്കാർ ചില നടപടികൾ എടുത്തിട്ടുണ്ടെന്നു പറയുന്നതു ശരിയാണോ?

ശ്രീ. കെ. എം. ജോർജ്ജ്: ഹെൽത്തു ഡയറക്ടർ സർവ്വീസിൽ ജോയിൻ ചെയ്ത തീയതി സംബന്ധിച്ചു നൽകിയ വിവരം തെറ്റാണെന്ന് ഒരു പരാതി ഉണ്ടായിട്ടുണ്ട്. അതു സംബന്ധിച്ച് മുൻ ഗവൺമെന്റ് ചില നടപടികൾ കൈക്കൊണ്ടിരുന്നു. താമസിയാതെ തീരുമാനമുണ്ടാകും.

ശ്രീ. എം. കൃഷ്ണൻ: ഹെൽത്ത് സർവ്വീസ് ഡയറക്ടറുടെ നിയമനം ഇത്രയേറെ താമസിക്കുന്നതിനു കാരണമെന്താണ്; കഴിയുംവേഗം നിയമനം നടത്തുവാൻ നിർദ്ദേശം നൽകുമോ?

ശ്രീ. കെ. എം. ജോർജ്ജ്: ഹെൽത്ത് സർവ്വീസ് ഡയറക്ടരുടെ നിയമനം ഏറ്റവും വേഗം നടത്തുന്നതാണ്. ഇതു സംബന്ധിച്ച് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നതുമൂലമാണു നിയമനം താമസിക്കുവാനിടയായത്.

ശ്രീ. കമാലിയാസ് മൊറായിസ്: ഈ അന്വേഷണം തുടങ്ങീട്ട് എത്ര കാലമായിയെന്നു പറയാമോ?

ശ്രീ. കെ. എം. ജോർജ്ജ്: മുൻ ഗവൺമെന്റിന്റെ കാലംമുതൽക്കാണ്. അതു മുഴുവൻ സമഗ്രമായി പരിഗണിച്ച് ഏറ്റവും വേഗം ഒരു തീരുമാനമെടുക്കുന്നതാണ്.

ശ്രീ. കമാലിയാസ് മൊറായിസ്: തെറ്റായ തീയതിയാണ് കൊടുത്തിട്ടുള്ളതെന്നും കുഷ്ഠമിക്കണമെന്നും ഈ ഉദ്യോഗസ്ഥൻ സർക്കാരിൽ എഴുതിയിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്ജ്: അങ്ങനെ ഒരു കത്ത് ഫയലിൽക്കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly